'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-28-01-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് - 'തളിർ', 'സമൃദ്ധി', 'കല്പമിത്ര' എന്നീ പ്രോജക്ടുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.466/2020/LSGD തീയതി,തിരുവനന്തപുരം, 25/02/2020

പരാമർശം:- 1 ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2020-ലെ കത്ത്

2 28.01.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.67-ാം നമ്പർ തീരുമാനം

## ഉത്തരവ്

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച 'തളിർ', 'സമൃദ്ധി','കല്പമിത്ര' എന്നീ പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറും, ജില്ലാ തല അപ്പീൽ കമ്മിറ്റിയും അംഗീകാരം നൽകാത്ത സാഹചര്യത്തിൽ പ്രത്യേക അനുമതി നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ 28.01.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം പരിഗണിക്കുകയും ടി പ്രോജക്ടുകൾക്ക് നിബന്ധനകളോടെ അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയുമുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച 'തളിർ', 'സമൃദ്ധി', 'കല്പമിത്ര' എന്നീ പ്രോജക്ടുകൾക്ക് ചുവടെ വിവരിക്കുന്ന വിധത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അനുമതി |
|---|---|---|---|
| 1 | 3/20 | തളിർ- ചെറുകിട വനിതാ തേയില കർഷക സംഘങ്ങൾക്ക് ധനസഹായം | ഈ കർഷക സംഘങ്ങൾ ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലേയ്ക്ക് തുക റിവോൾവിംഗ് ഫണ്ടായി നൽകാൻ അനുമതി നൽകുന്നു. റിവോൾവിംഗ് ഫണ്ടിന്റെ ഉപയോഗം, തിരിച്ചടവ് തുടങ്ങിയവ നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണം(അടങ്കൽ തുക 26,00,000 രൂപ) |

| | | | |
|---|---|---|---|
| 2 | 52/20 | സമൃദ്ധി- കൊക്കോ കൃഷിയ്ക്ക് ധനസഹായം | കൊക്കോ കൃഷി കർഷകരുടെ ഗ്രൂപ്പ് രൂപീകരിച്ച് ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലേയ്ക്ക് തുക റിവോൾവിംഗ് ഫണ്ടായി നൽകണം. റിവോൾവിംഗ് ഫണ്ടിന്റെ ഉപയോഗം, തിരിച്ചടവ് തുടങ്ങിയവ നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തണം(അടങ്കൽ തുക 20,00,250 രൂപ) |
| 3 | 53/20 | കൽപമിത്ര- കേര കർഷകർക്ക് തെങ്ങ് സംരക്ഷണത്തിന് ധനസഹായം | കേര കർഷകരുടെ ഗ്രൂപ്പ് രൂപീകരിച്ച് ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലേയ്ക്ക് തുക റിവോൾവിംഗ് ഫണ്ടായി നൽകണം. റിവോൾവിംഗ് ഫണ്ടിന്റെ ഉപയോഗം, തിരിച്ചടവ് തുടങ്ങിയവ നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തണം(അടങ്കൽ തുക 26,66,,666രൂപ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T.P.

UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡിഎ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.[illegible] 13:42:06 IST
Reason: Approved

സെക്ഷൻ ഓഫീസർ